PROCEEDINGS OF THE
KERALA LEGISLATIVE ASSEMBLY

First Session—1970

Wednesday, the 28th January 1970

Vol. XXVI] OFFICIAL REPORT [No. 12

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assemb'y Chamber, Trivandrum at eight of the Clock on Wednesday, January 28, 1970 with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number in the list of admitted questions for the Session)

ORAL ANSWERS

കേന്ദ്ര ഗവൺമെൻറ് ജീവനക്കാരുടെ സമരം

* 98. (354) ശ്രീ. കെ. പി. രാഘവപ്പൊതുവാൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഗവൺമെൻറു ജീവനക്കാർ നടത്തിയ സമരത്തിൽ കഴിഞ്ഞ ഗവൺമെൻറു 1967 മുതൽ 1969 വരെ എടുത്തിട്ടുള്ള നിലപാടിൽ വല്ല മാറ്റവും ഈ ഗവൺമെൻറു വരുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്ത്;

(സി) കേന്ദ്രഗവൺമെൻറു കേന്ദ്രജീവനക്കാരുടെ പേരിൽ 1968-ലെ അവരുടെ അവകാശസമരകാലത്തു കോടതിയിൽ ബോധിപ്പിച്ച കേസുകൾ നടത്തുവാൻ സ്റ്റേറ്റു ഗവൺമെൻറു എ.പി.പി.മാരെ അധികാരപ്പെടുത്തിയിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ): (എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) കേന്ദ്രഗവൺമെൻറു ജീവനക്കാർക്ക് എതിരായിട്ടുള്ള കേസുകൾ പിൻവലിക്കുന്നതിന് കോടതിയുടെ അനുവാദത്തിനു ഹാജരായ അസ്സിസ്റ്റൻറു പബ്ലിക്ക് പ്രോസിക്യൂട്ടർമാർ ആ കേസുകൾ വീണ്ടും നടത്തുന്നതിന് അധികാരമുള്ളവരാണെന്നു ജില്ലാകളക്ടർമാരെ അറിയിച്ചിട്ടുണ്ട്.

ശ്രീ. സി. കണ്ണൻ: കഴിഞ്ഞ 1968 സെപ്റ്റംബർ മാസത്തിൽ നടന്ന കേന്ദ്രഗവൺമെന്റു ജീവനക്കാരുടെ പണിമുടക്കിനെ തുടർന്ന് സസ്പെൻഷനിൽ നിൽക്കുന്നവരേയും ഡിസ്മസ് ചെയ്തവരെയും പറ്റി ഈ ഗവൺമെന്റിന് വല്ല വിവരവുമുണ്ടോ? ഉണ്ടെങ്കിൽ അവരെ തിരിച്ചെടുക്കുന്നതിന് ഈ ഗവൺമെന്റു വല്ലതും ചെയ്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: എണ്ണത്തെപ്പറ്റിയുള്ള കൃത്യമായ വിവരം ഇപ്പോഴും കൈവശമില്ല. ഏകദേശം ഇരുന്നൂറോളം വരുമെന്നാണ് തോന്നുന്നത്. കേസുകളും പിൻവലിക്കണമെന്നുള്ളത് ഒരു നയമായി അംഗീകരിച്ചുകൊണ്ട് മുൻഗവൺമെന്റു എ. പി. പി. മാർക്കു നിർദ്ദേശം കൊടുത്തിരുന്നു. അങ്ങിനെ കേസുകളും പിൻവലിക്കാൻ മജിസ്ട്രേട്ടൻമാർ ഉത്തരവു നൽകുകയുണ്ടായി. അതിന് ഹൈക്കോടതിയിൽ അപ്പീൽ പോയപ്പോഴും ഹൈക്കോടതിയിൽനിന്നും വിധിയുണ്ടായി. കേസുകളും പിൻവലിക്കാനുള്ള അധികാരമില്ല, കേസുകളും തുടർന്നു നടത്തണമെന്ന്. ആ നിലയ്ക്കു കേസുകളും തുടർന്നു നടത്താതെ നിവൃത്തിയില്ല. അതുസംബന്ധിച്ച് കേന്ദ്രഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്താം. പാർലമെന്റു മെമ്പറൻമാർ പല അവസരങ്ങളിലും കേന്ദ്രഗവൺമെന്റിനോടു നിവേദനം നടത്തിയിട്ടുണ്ട്. മുൻ ഗവൺമെന്റും നിവേദനം നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് ഒന്നുകൂടി ചെയ്തു നോക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഹൈക്കോടതി വിധിയിമേൽ അപ്പീൽ കൊടുക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: ഹൈക്കോടതി വിധിയിൻമേൽ അപ്പീൽ കൊടുക്കുന്നതിന് സുപ്രീംകോടതിയുടെ അനുവാദത്തിനു അപേക്ഷിച്ചു. എന്നാൽ ഹൈക്കോടതി ആ അനുവാദം നിഷേധിച്ചു. അതിൻമേൽ ഹൈക്കോടതിയിൽ അപ്പീൽ കൊടുത്തിട്ടുണ്ട്.

ശ്രീ. സി. കണ്ണൻ: ഒരു വർഷത്തിലധികം ജോലി ഇല്ലാതെ നിൽക്കുന്ന കേന്ദ്രഗവൺമെന്റു ജീവനക്കാരുടെ പേരിലുള്ളകേസുകളും പിൻവലിച്ച് അവരെ വീണ്ടും സർവ്വീസിൽ എടുക്കണമെന്ന് ഈ ഗവൺമെന്റു കേന്ദ്രഗവൺമെന്റിനോടു നിവേദനം നടത്തുമോ?

ശ്രീ. സി. അച്യുതമേനോൻ: തീർച്ചയായും അങ്ങിനെ നിവേദനം നടത്താം.

ശ്രീ. പി. എസ്. നമ്പൂതിരി: 1968 സെപ്റ്റംബർ 18-ാം തീയതി കേന്ദ്രഗവൺമെന്റു ജീവനക്കാർ നടത്തിയ സമരത്തോടനുബന്ധിച്ച് സമാധാനപരമായി പ്രകടനംനടത്തിയവരുടെ മേൽ നമ്മുടെ പോലീസു ലാത്തിച്ചാർജു നടത്തുകയുണ്ടായി. അതിൻമേൽ എന്തെങ്കിലും നടപടികളും ഗവൺമെന്റിൽ നിന്നും എടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ: അത് പ്രത്യേകമായി ചോദിക്കാതെ മറുപടി പറയാൻ നിവൃത്തിയില്ല.

റോഡുകളുടെ നിർമ്മാണം

* 99. (355) ശ്രീ. സി. എം. കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ മന്ത്രി സഭയം മറുപടി നൽകുമോ:

(എ) സപ്ലിമെന്ററി ലിസ്റ്റിൽപ്പെടുത്തിയ റോഡുകളുടെനിർമ്മാണം എന്ന് ആരംഭിക്കും;

LIBRARY ARCHIVES Kerala Legislative Assembly